LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പെരിയാർ കടുവ സങ്കേതത്തിന്റെ ബഫർ സോണിൽ ഉൾപ്പെട്ടിട്ടുള്ള മംഗളാദേവിയിലെ കണ്ണകി ക്ഷേത്രത്തിന്റെ സംരക്ഷണവും, ക്ഷേത്രത്തിലേക്ക് വർഷംമുഴുവൻ പ്രവേശനത്തിന് അനുവാദവും നൽകണമെന്നും ആവശ്യപ്പെട്ടുകൊണ്ട് കമ്പം ആസ്ഥാനമായ മംഗളാദേവികണ്ണകി ട്രസ്റ്റ് ബഹു. കേരള ഹൈക്കോടതിയിൽ WP(C) No. 14853/14 നമ്പരായി ഹർജി ഫയൽ ചെയ്തിട്ടുള്ളതും ആയത് കോടതിയുടെ അന്തിമ തീർപ്പായിട്ടില്ലാത്തതുമാണ്.

(ബി) പ്രസ്തുത ഭാഗം തമിഴ്നാടിന്റേതാണെന്നുള്ള അവകാശവാദം ഉന്നയിക്കപ്പെട്ടിട്ടില്ല. മംഗളാദേവി ക്ഷേത്രവും ക്ഷേത്രത്തിലേക്കുള്ള നടപ്പാതയും പെരിയാർ കടുവാ സങ്കേതത്തിന്റെ ബഫർസോണിലും സമീപ വനഭാഗം പെരിയാർ കടുവാ സങ്കേതത്തിന്റെ കോർ സോണിലും ഉൾപ്പെടുന്നു. മാത്രമല്ല പ്രസ്തുത വനഭാഗം കടുവ, വരയാട്, കാട്ടുപോത്ത് തുടങ്ങിയ വന്യജീവികളുടെ ആവാസവ്യവസ്ഥയും കൂടിയായതിനാൽ ഇക്കാര്യങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ടി കേസിൽ യഥാസമയം പ്രതിവാദപത്രിക സമർപ്പിച്ചിട്ടുള്ളതുമാണ്. കേസ് നടത്തിപ്പിന്റെ കാര്യത്തിൽ വനംവകുപ്പിന്റെ ഭാഗത്തുനിന്ന് യാതൊരുവിധ വീഴ്ചയും ഉണ്ടായിട്ടില്ല.

(സി) ഉത്തരം (ബി)യുടെ വെളിച്ചത്തിൽ ബാധകമല്ല.

പാട്ടക്കരാർ ലംഘനം

291 (2120) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാട്ടക്കരാർ ലംഘനം നടത്തി വനഭൂമി കൈവശം വച്ചിരിക്കുന്നവരുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; എത്ര ഏക്കർ ഭൂമിയാണ് ഇപ്രകാരം കൈവശം വച്ചിരിക്കുന്നത് ;

(ബി) പ്രസ്തുത വനഭൂമികളുടെ പാട്ടകാലാവധികൾ എന്നാണ് അവസാനിച്ചത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) പാട്ടകുടിശിക വരുത്തിയിട്ടുള്ള പാട്ടകരാറുകാർ ആരെല്ലാമാണ് ; വിശദാംശങ്ങൾ നൽകുമോ ;

(ഡി) പാട്ടക്കരാർലംഘനവും, പാട്ടകുടിശികയും വരുത്തിയവർക്കെതിരെ വനംവകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ; ഏതെല്ലാം ഭൂമിയാണ് വനംവകുപ്പ് ഏറ്റെടുത്തത് ; വിശദാംശങ്ങൾ നൽകുമോ ;

(ഇ) കരാർലംഘനം നടത്തിയ വനഭൂമി ഏറ്റെടുക്കുന്നതിന് കോടതിയുടെ സ്റ്റേ നിലവിലുണ്ടോ ; ഏതെല്ലാം ഭൂമി ഏറ്റെടുക്കുന്നതിനാണ് സ്റ്റേ എന്നറിയിക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 64 സ്വകാര്യ വ്യക്തികൾ 318.506 ഏക്കർ വനഭൂമിയും 36 എസ്റ്റേറ്റുകൾ 18909.8905 ഏക്കർ വനഭൂമിയും 15 പൊതുമേഖലാ, സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ 20453.737 ഏക്കർ വനഭൂമിയും പാട്ടക്കരാർ ലംഘനം നടത്തി കൈവശം വച്ചിട്ടുണ്ട്.

(ബി) വിശദാംശം അനുബന്ധം I ആയി ചേർക്കുന്നു.*

(സി) പാട്ടകുടിശ്ശിക വരുത്തിയിട്ടുള്ള സ്ഥാപനങ്ങളുടെ വിവരം അനുബന്ധം II ആയും വ്യക്തികളുടെ വിവരം അനുബന്ധം III ആയും ചേർക്കുന്നു.*

(ഡി) പാട്ടക്കരാർ ലംഘനവും പാട്ട കുടിശ്ശികയും വരുത്തിയവർക്കെതിരെ പാട്ടക്കരാർ പുതുക്കുന്നതിനും അല്ലാത്ത പക്ഷം വനഭൂമി തിരികെ ഏറ്റെടുക്കുന്നതിനും പാട്ടക്കുടിശ്ശിക ലഭ്യമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ചാലക്കുടി ഡിവിഷനിലെ പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരളായിൽ നിന്നും പാട്ടകുടിശ്ശിക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചിട്ടുണ്ട്. പാട്ടക്കുടിശ്ശിക വരുത്തിയ കെ.എസ്.ഇ.ബി., കെ.എഫ്.ഡി.സി. എന്നിവർക്ക് കൗണ്ടർസൈൻ ചെയ്ത ചെലാനുകൾ നൽകിയിട്ടുണ്ട്. നെന്മാറ ഡിവിഷനിലെ മീരാ ഫ്ലോറസ്, ബിയാട്രീസ് എന്നീ എസ്റ്റേറ്റുകൾ വനം വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്. കൂടാതെ കാസർഗോഡ് റെയിഞ്ചിലെ മണ്ടകോൽ റിസർവ് വനത്തിൽ ഗോറിഹ്യസ്സ അണ്ണപ്പ നായിക്കിന് പാട്ടത്തിന് നൽകിയ 4 ഏക്കർ ഭൂമിയിൽ 3.90 ഏക്കർ ഭൂമി സർക്കാരിലേയ്ക്ക് ഏറ്റെടുത്തിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിനെതിരെ കാസർഗോഡ് മുൻസിഫ് കോടതിയിൽ ഒ.എസ്. നം. 392/14 കേസ് നിലവിലുള്ളതിനാൽ ബാക്കി 10 സെന്റ് ഭൂമി ഏറ്റെടുക്കുവാൻ കഴിഞ്ഞിട്ടില്ല.

(ഇ) നെന്മാറ ഡിവിഷനിലെ ചെറുനെല്ലി, രാജാക്കാട്, മോങ്കുഡ്, കാരപ്പാറ -എ, കാരപ്പാറ -ബി, അലക്സാണ്ട്രിയ - എ, അലക്സാണ്ട്രിയ - ബി, ബ്രൂക്ക് ലാന്റ് എന്നീ എസ്റ്റേറ്റുകൾ ഏറ്റെടുത്തതിനെതിരെ ബഹു. ഹൈക്കോടതിയിൽ സ്റ്റേ നിലവിലുണ്ട്. നോർത്തേൺ സർക്കിൾ കണ്ണൂരിലെ കിളിങ്കർ നട്ടമന ശങ്കരനാരായണഭട്ടിന്റെ 6.704 ഹെക്ടർ വനഭൂമി സംബന്ധിച്ച് ബഹു. ഹൈക്കോടതിയിൽ 4 കേസ്സുകളിലായി സ്റ്റേ നിലവിലുണ്ട്. കൂടാതെ ചാലക്കുടി ഡിവിഷനിൽ ഹാരിസൺ മലയാളം കമ്പനി പാട്ടക്കരാർ ലംഘിച്ചതിനെ തുടർന്ന് 4896.65 ഏക്കർ വനഭൂമി ഏറ്റെടുക്കാൻ സർക്കാർ ഉത്തരവായെങ്കിലും ബഹു. ഹൈക്കോടതി സ്റ്റേ ചെയ്തിട്ടുള്ളതിനാൽ ഏറ്റെടുക്കുവാൻ കഴിഞ്ഞിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.